ശ്രീ. കെ. എം. കോര : അതു് ഇന്നതന്നെ ഒന്നന്വേഷിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : അതു വേണ്ടസമയത്തു അന്വേഷിക്കുന്നതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള : തിരുവിതാംകൂറിലും കൊച്ചിയിലും രണ്ടു തരത്തിലുള്ള അളവുകളാണുള്ളതെന്നറിയാമോ ?

ശ്രീ. എ. ജെ. ജാൺ : അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള : അതു് ഏകീകരിക്കാൻ നടപടി എടുക്കാമോ ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. വർഗ്ഗീസു് അഗസ്റ്റ്യൻ : സക്കാർ അളവുകൊണ്ടു അളക്കുമ്പോൾ നെല്ലു് തൂക്കിയിട്ടു് അളക്കുകയും മറ്റും ചെയ്യുന്നതായിട്ടറിയാമോ ?

ശ്രീ. എ. ജെ. ജാൺ : ന്യായരഹിതമായി ഒന്നും ചെയ്യരുതു് എന്നാണു് വ്യവസ്ഥ.

ശ്രീ. എം. ഒ. ചെറിയാൻ: ഒരു പറയിൽ നെല്ലു് ഇത്ര പൊക്കിയിടണമെന്ന വല്ല വ്യവസ്ഥയുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ല.

ശ്രീ. കെ. എം. കോര : സക്കാർ പറകൾക്കു മുദ്രയുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : സ്റ്റാൻഡേർഡു് പറയ്ക്കു മുദ്രയുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കല്ലുക്കാടൻപറ ഗവണ്മെണ്ടു് അംഗീകരിച്ചിട്ടുള്ളതാണോ ?

ശ്രീ. എ. ജെ. ജാൺ : അല്ല.

ശബരിമല സംഭവം

*൨൯. (൨൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ശബരിമല ക്ഷേത്രദഹനം സംബന്ധിച്ചുള്ള വിവരങ്ങൾ സാമാന്യമായി ലഭിച്ചിട്ടുണ്ടെന്നും ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ പുറത്തുവരുമെന്നും ഗവണ്മെണ്ടിലെ ചില ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽനിന്നും പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ലേ ?

ചീഫ് മിനിസ്റ്റർ (ടി. കെ. നാരായണപിള്ള) : ക്ഷേത്രദഹനം സംബന്ധിച്ചുള്ള അന്വേഷണം പൂർത്തിയായിട്ടില്ലാത്തതിനാൽ ടി സംഗതിയെപ്പറ്റി ഒരു വിശദീകരണം നൽകുവാൻ ഇപ്പോൾ നിവൃത്തിയില്ല.

ശ്രീ. കെ. ആർ ഇലങ്കത്തു് : സർ ഒരു പോയിൻറ് ഓഫ് ഓർഡർ. ഇതു് അന്വേഷണത്തിലിരിക്കയാണെങ്കിലും കഴിഞ്ഞുപോയ ഒരു സംഭവമായതുകൊണ്ടു് ഇതിനു മറുപടി പറയുവാൻ മന്ത്രി ബാദ്ധ്യസ്ഥനാണോ ?

മി. സ്പീക്കർ : മറുപടി പറയുകയോ പറയാതിരിക്കുകയോ ചെയ്യാം.

ശ്രീ. കെ. ആർ. ഇലങ്കത്തു് : "ശബരിമല ക്ഷേത്രദഹനം സംബന്ധിച്ചുള്ള വിവരങ്ങൾ സാമാന്യമായി ലഭിച്ചിട്ടുണ്ടെന്നും, ഏതാനും ദിവസങ്ങൾക്കുള്ളിൽ അവ പുറത്തുവരുമെന്നും ഗവണ്മെണ്ടിലെ ചില ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ നിന്നും പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടില്ലേ ? ഈ പ്രസ്താവന പാലിക്കുവാൻ കാലതാമസം വരുത്തുന്നതു സംബന്ധിച്ചു് ഒരു വിശദീകരണം നൽകുവാൻ ഭയമുണ്ടാകുമോ ? " എന്നാണു് ചോദ്യം. ഈ ചോദ്യത്തിനു് ഉത്തരം പറയുവാനുള്ള ബാദ്ധ്യത ബഹുമാനപ്പെട്ട മന്ത്രിക്കില്ലേ ? ഇതും കേസുമായിട്ടു് എന്താണു

LIBRARY ARCHIVES Kerala Legislative Assembly

ബന്ധം? ഇതിൽ കേസിനെപ്പറ്റി യാതൊന്നുംതന്നെ ചോദിച്ചിട്ടില്ല. അതു കൊണ്ടു ഈ ചോദ്യത്തിനു് ഉത്തരം പറയുവാൻ ദയവുണ്ടാകുമോ? ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽനിന്നു പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ലേ എന്നുള്ള ചോദ്യത്തിനു ഒരു മറുപടിയും പറഞ്ഞുകാണുന്നില്ല.

ശ്രീ. ടി. കെ. നാരായണപിള്ള: ഇങ്ങിനെ ഏതാനും ദിവസങ്ങൾക്കുള്ളിൽ വിവരങ്ങൾ പുറത്തുവരുമെന്നുകാണിച്ചു് ആരുംതന്നെ പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു്: ഈ ചോദ്യവും കേസുമായിട്ടു യാതൊരു ബന്ധമില്ലാതിരിക്കെ ചോദിച്ചിരിക്കുന്നതിനുള്ള മറുപടി പറയുവാൻ ദയവുണ്ടാകുമോ?

Sri. K. R. Elenkath: Then, Sir, on a point of order. I would like to know whether this matter is sub judice The Chief Minister was saying that the matter is under enquiry and that therefore he cannot answer the question. My contention is that this question has nothing to do with the enquiry. The point is whether there was a statement by a responsible Minister on this matter.

Mr. Speaker: The Hon'ble Minister may answer this question unless he finds that in public interest it cannot be answered.

Sri. T. K. Narayana Pillai: There is already another pointed question on this matter and I propose to answer it; and answer to this portion will be found there.

ശ്രീ. ടി. കെ. നാരായണപിള്ള: "ഈ പ്രസ്താവന പാലിക്കുവാൻ കാലതാമസം വരുത്തുന്നതു സംബന്ധിച്ചു് ഒരു വിശദീകരണം നൽകുവാൻ ദയവുണ്ടാകുമോ" എന്നാണു് ചോദിച്ചിരിക്കുന്നതു്. ഇതുകൂടാതെ ഇതേസംബന്ധിച്ചു് വേറെ ഒരു ചോദ്യംകൂടിയുണ്ടു്.

Sri. A. Thanu Pillai: May I point out that a similar question is not found here.

Sri. T. K. Narayana Pillai: Then I will give straightway answer to that question now itself.

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഏതാനും ദിവസങ്ങൾക്കുള്ളിൽ വിവരങ്ങൾ പുറത്തുവരുമെന്നു് ആശിക്കത്തക്കവിധത്തിലുള്ള ഒരു പ്രസ്താവനയും ആരും പുറപ്പെടുവിച്ചിട്ടില്ല. പത്രങ്ങളിൽ അങ്ങിനെ കണ്ടുവെങ്കിൽ അതു കള്ളമാണു്.

ശ്രീ. എസ്സു്. കുട്ടൻ: പ്രധാനമന്ത്രിയും ഐ. ജി.യും ഒരാഴ്ചക്കകം ഈ കേസിനെ സംബന്ധിച്ചുള്ള വിവരങ്ങൾ പുറത്തുവരുമെന്നു പറഞ്ഞതായി പത്രങ്ങളിൽ കണ്ട വാർത്ത ശരിയാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അങ്ങിനെ ഐ. ജി.യും പ്രധാനമന്ത്രിയും പറഞ്ഞുവെന്നു പറയുന്നതു ശരിയല്ല.

ശ്രീ. ഇട്ടൂര അന്ത്രുക്കൻ: ഇത്രദിവസത്തിനകം പുറത്തുവരുമെന്നു ലോകത്തിലെ ഏതെങ്കിലും ഗവണ്മെണ്ടുകൾക്കു പറയുക സാദ്ധ്യമാണോ?

(ഉത്തരമില്ല)

ശ്രീ. മന്നാർ ഗോപാലൻ നായർ: ഇങ്ങിനെയുള്ള പത്രപ്രസ്താവനകളെ ഗവണ്മെണ്ടു നിഷേധിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല. പത്രങ്ങളിൽ ദിവസേന ധാരാളം വ്യാജപ്രസ്താവനകൾ കാണാറുണ്ടു്. അവയെല്ലാം നിഷേധിക്കാൻ തുടങ്ങിയാൽ ദിവസേന ഈരണ്ടു ബുള്ളറ്റിൻ വീതം ഇറക്കേണ്ടിവരും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇട്ടൂര അന്ത്രുക്കൻ: ഈ കേസു പുറത്താകാത്തതു് ഒരു പ്രധാന മന്ത്രിയും മറ്റു ചില ഉദ്യോഗസ്ഥന്മാരും മനഃപൂർവ്വം പുറത്തുവരുത്താത്തതുകൊണ്ടാണെന്നു ചില നേതാക്കന്മാർ പറയുന്നതായി ഗവൺമെണ്ടിനറിയാമോ?

Mr. Speaker: That question is disallowed.

സംസ്ഥാനത്തെ ക്ഷേത്രങ്ങളുടെ നാശം

*൨൪. (൨൩) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

൧൯൫൦-ൽ തിരുവിതാംകൂർ സംസ്ഥാനത്തു് തീവെച്ചും മറ്റുവിധത്തിലും എത്ര ക്ഷേത്രങ്ങൾ നശിച്ചിട്ടുണ്ടു്; എത്ര ക്ഷേത്രങ്ങളിലെ ബിംബങ്ങൾക്കു കേടു വരുത്തുകയും ഭണ്ഡാരങ്ങൾ കുത്തിപ്പൊളിച്ചു കവർച്ചനടത്തുകയും ഉണ്ടായിട്ടുണ്ടു്; ഇതുസംബന്ധിച്ചു് എത്ര കേസുകൾ എടുത്തിട്ടുണ്ടു്; എത്രയെണ്ണം തെളിവിൽ വന്നിട്ടുണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഒന്നു്.

(ബി) മൂന്നു ക്ഷേത്രങ്ങളിലെ ബിംബങ്ങൾക്കു കേടുവന്നിട്ടുണ്ടു്. ഭണ്ഡാരം കുത്തിപ്പൊളിച്ചു കവർച്ചനടന്നതായി അറിവില്ല.

(സി) മൂന്നു കേസുകൾ റജിസ്റ്റർചെയ്തിട്ടുണ്ടു്.

(ഡി) രണ്ടെണ്ണം തെളിവിൽ വന്നിട്ടുണ്ടു്.

(ചോദ്യം ൨൩-ൽ പറയുന്ന വിഷയം മുൻചോദ്യങ്ങളോടു ബന്ധമുള്ളതായതുകൊണ്ടു ചോദിക്കുകയുണ്ടായില്ല.)

സംസ്ഥാനത്തെ ഐ. എ. എസ്സു്. കാർ

*൨൫. (൨൬) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഇത്ര ഐ. എ. എസ്സു്. കാർ (Indian Administrative Service) ഉണ്ടായിരിക്കണമെന്നു് ഇൻഡ്യാ ഗവൺമെണ്ടിന്റെ വല്ല നിശ്ചയമോ നിർദ്ദേശമോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ സീനിയർ ഐ. എ. എസ്സു്. കാർ എത്ര, ജൂനിയർ എത്ര;

(ബി) നിർദ്ദേശമനുസരിച്ചു വേണ്ട സീനിയറും ജൂനിയറും സ്ഥാനങ്ങളിലേക്കു നിയമിക്കപ്പെടുവാൻ യോഗ്യതയുള്ളവരുടെ പേരുവിവരം ഗവൺമെണ്ടിൽ നിന്നും നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) & (ബി) ഐ. എ. എസ്സു്. സ്കീമിൽ ഭാഗഭാക്കാകാമെന്നു് ഇൻഡ്യാ ഗവൺമെണ്ടിനെ ധരിപ്പിച്ചിട്ടുണ്ടു്. അതിലേക്കുള്ള സെലക്ഷൻ പൂർത്തിയായിട്ടില്ല. ഈ ഗവൺമെണ്ടിൽനിന്നും നാമനിർദ്ദേശംചെയ്തിട്ടുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഇത്രപേർ ഉണ്ടായിരിക്കണമെന്നു വല്ല നിശ്ചയവുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നിശ്ചയമുണ്ടു്.

ശ്രീ. കൃഷ്ണൻ അയ്യപ്പൻ: ഗവൺമെണ്ടിൽനിന്നും നിർദ്ദേശമനുസരിച്ചുള്ള ആളുകളെ അയച്ചുകൊടുത്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly